# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3738 25.06.2013-ൽ മറുപടിക്ക്

## ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കിനെതിരെയുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം, തിരുവനന്തപുരത്ത് ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ബാങ്കിന്റെ പ്രവർത്തനത്തിൽ നിരവധി ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയ്ക്ക് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉത്തരവ് പുറപ്പെടുവിച്ചു. വകുപ്പ് 66 പ്രകാരമുള്ള പരിശോധനാ റിപ്പോർട്ടിൽ പരിശോധനയ്ക്കാവശ്യമായ റിക്കാർഡുകളും, രേഖകളും നൽകാതെ ബാങ്ക് അധികാരികൾ നിസ്സഹകരിക്കുകയാണെന്നു റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോപണ വിഷയങ്ങൾ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉത്തരവ് പുറപ്പെടുവിച്ചു. അന്വേഷണം പുരോഗമിച്ചു വരികയാണ്.<br><br>ബാങ്കിൽ നിലവിലുണ്ടായിരുന്ന ഭരണസമിതിയുടെ കാലാവധി 10.05.2013 ൽ |

| | |
|---|---|
| | അവസാനിക്കുകയും കാലാവധി തീരുന്നതിനു മുമ്പ് തെരഞ്ഞെടുപ്പ് നടത്തി അധികാരം പുതിയ ഭരണസമിതിയെ ഏൽപിക്കുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ബാങ്കിൽ സംജാതമായ ഭരണസ്തംഭനം ഒഴിവാക്കുന്നതിലേയ്ക്കായി സഹകരണ നിയമം വകുപ്പ് 33 പ്രകാരം പാർട്ട്-ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. |
| (ബി) ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശമുണ്ടായിട്ടും പ്രസ്തുത ബാങ്കിൽ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നതിനുള്ള കാരണമെന്താണെന്ന വ്യക്തമാക്കുമോ ; | (ബി) ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിലവിലുണ്ടായിരുന്ന ഭരണസമിതിയുടെ 06.04.2013 ലെ തീരുമാന പ്രകാരം ടി ബാങ്കിന്റെ പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് 09.06.2013 ന് നടത്തുവാൻ തീരുമാനിക്കുകയും ആയതിലേയ്ക്ക് വരണാധികാരിയേയും, ഇലക്ഷൻ ആഫീസറെയും നിയമിച്ച് ഉത്തരവാകുവാൻ സഹകരണ ഇലക്ഷൻ കമ്മീഷനോട് അപേക്ഷിച്ചിരുന്നതുമാണ്. അതോടൊപ്പം ബാങ്ക് പ്രസിഡന്റ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിൽ കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ബാങ്ക് സമർപ്പിച്ചിട്ടുള്ള തെരഞ്ഞെടുപ്പ് തീരുമാനം നിയമത്തിനും, ചട്ടത്തിനും, 2012 ലെ ഭരണ ഘടന ഭേദഗതിയിലെ ആർട്ടിക്കിൾ 243 ZK യ്ക്കും വിധേയമായി തീർപ്പാക്കുവാൻ സഹകരണ ഇലക്ഷൻ കമ്മീഷനോട് നിർദ്ദേശിച്ചിരുന്നു. തുടർന്ന് സഹകരണ ഇലക്ഷൻ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, സഹകരണ ചട്ടം 35(1), ആർട്ടിക്കിൾ 243 ZK എന്നിവ |

പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ ബാങ്ക് വീഴ്ച വരുത്തി എന്ന കാരണത്താൽ ടി തെരഞ്ഞെടുപ്പ് തീരുമാനം ഇലക്ഷൻ കമ്മീഷൻ നിരസിച്ച് ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത ബാങ്കിൽ എന്നത്തേക്ക് തെരഞ്ഞെടുപ്പ് നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവിനെതിരെ ബാങ്കിന്റെ മുൻ പ്രസിഡന്റ് ബഹു. ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും ആയത് കോടതിയുടെ പരിഗണനയിലുമാണ്. ടി റിട്ട് പെറ്റീഷനിലെ അന്തിമ വിധിയ്ക്ക് വിധേയമായി പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**